## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 743 02.12.2015 ലെ മറുപടിക്ക്

## എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഹൃദ്രോഗ വിഭാഗവും കാത്ത് ലാബും ഏർപ്പെടുത്തുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജു പോൾ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മുഴുവൻ സമയ ഹൃദ്രോഗ വിഭാഗത്തിന്റേയും കാത്ത് ലാബിന്റെയും അഭാവം രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇവിടെ നിന്നും മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യപ്പെട്ട രോഗികൾ യാത്രാമദ്ധ്യേ മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) വാഹനാപകടത്തിൽ ഗുരുതരപരിക്കേറ്റ് എറണാകുളം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും അടിയന്തിരചികിത്സ നൽകിയശേഷം വിദഗ്ദ്ധചികിത്സക്കായി റഫർ ചെയ്യുകയും ചെയ്ത ഒരു രോഗി മരണപ്പെട്ടിട്ടുണ്ട്. |
| (ഡി) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മുഴുവൻ സമയ ഹൃദ്രോഗ വിഭാഗവും കാത്ത് ലാബും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ